(Pages : 3) + Outline Map of India

1622

# S.S.L.C. EXAMINATION, MARCH - 2016.

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**നിർദ്ദേശങ്ങൾ :**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
- ഓരോ ചോദ്യത്തിന്റേയും സ്കോർ അതത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.
- പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രദ്ധിക്കണം

Score

1. മിശ്ര സമ്പദ് വ്യവസ്ഥ എന്നാൽ എന്ത്? 1

2. ഘനീകരണത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 4

3. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദീകരിക്കുക. 3

4. ആഗോളവൽക്കരണത്തിന്റെ പരിണിതഫലങ്ങൾ വിലയിരുത്തുക. 3

5. പരിണാമ സിദ്ധാന്തത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 3

6. യൂറോപ്പിന്റെ കാലാവസ്ഥയെ നിയന്ത്രിക്കുന്ന പ്രധാന ഘടകങ്ങളേവ? യൂറോപ്പിലെ ഏതെങ്കിലും രണ്ട് കാലാവസ്ഥാ വിഭാഗങ്ങളുടെ പേരെഴുതുക. 4

7. കേരളത്തിലെ വിമോചന സമരത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക. 2

8. താഴെ തന്നിരിക്കുന്നവയെ അവ നടന്ന കാലക്രമം അനുസരിച്ച് എഴുതുക. 4

   (a) ഗുരുവായൂർ സത്യഗ്രഹം (b) പുന്നപ്ര വയലാർ കലാപം

   (c) വൈക്കം സത്യഗ്രഹം (d) ചാന്നാർ കലാപം

9. ആഫ്രിക്കയുടെ വീതംവെയ്പ്പിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 3

10. ഭൂവിവര വ്യവസ്ഥയുടെ ഏതെങ്കിലും രണ്ട് പ്രയോഗ സാദ്ധ്യതകൾ എഴുതുക. 2

P.T.O.

Score

11. 'എ' കോളത്തിൽ തന്നിരിക്കുന്നവയോട് യോജിക്കുന്നവയെ 'ബി' കോളത്തിൽ നിന്ന് തെരഞ്ഞെടുത്ത് എഴുതുക. 4

| | എ | ബി |
|---|---|---|
| (a) | ബൊക്കാച്ചിയോ | മോണാലിസ |
| (b) | ദാന്തെ | ഇഗ്നേഷ്യസ് ലയോള |
| (c) | ലിയാനാർഡോ ഡാവിഞ്ചി | ഡിവൈൻ കോമഡി |
| (d) | പ്രതിനവീകരണം | ദക്കാമറൺ |

12 താഴെ തന്നിരിക്കുന്നവയെക്കുറിച്ച് ലഘുവായി വിവരിക്കുക. 3

(a) നീണ്ട പാർലമെന്റ്

(b) ബാസ്തീലിന്റെ പതനം

(c) ചതുർവർഷ കൃഷിപദ്ധതി

13. ഐക്യരാഷ്ട്ര സംഘടന അഭിമുഖീകരിക്കുന്ന പുതിയ വെല്ലുവിളികൾ ഏതെല്ലാം ? 3

14. ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നത് സഹകരണ ബാങ്കുകളുടെ ഒരു ലക്ഷ്യമാണ്. ഈ ലക്ഷ്യം കൂടാതെ സഹകരണ ബാങ്കുകളുടെ മറ്റേതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ കൂടി എഴുതുക. 3

15. റഷ്യയിലെ പഞ്ചവൽസര പദ്ധതികളുടെ പ്രധാന സവിശേഷതകളെക്കുറിച്ച് വിവരിക്കുക. 3

16. (a) ഉപദ്വീപീയ പീഠഭൂമിയുടെ സവിശേഷതകൾ വിശദമാക്കുക. ഉപദ്വീപീയ പീഠഭൂമിയിലെ ഏതെങ്കിലും രണ്ട് ഭൂവിഭാഗങ്ങളുടെ പേരെഴുതുക. 6

**അല്ലെങ്കിൽ**

(b) തേയിലയും കാപ്പിയും ഇന്ത്യയിൽ കൃഷിചെയ്യുന്ന തോട്ടവിളകളിൽ പ്രധാനപ്പെട്ടവയാണ്. ഈ വിളകളുടെ കൃഷിക്കനുയോജ്യമായ ഭൂമിശാസ്ത്ര സാഹചര്യങ്ങൾ ഏവ ? ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ഇവ ഓരോന്നും പ്രധാനമായും കൃഷിചെയ്യുന്നത് ?

17. (a) ചൈന ജനകീയ റിപ്പബ്ലിക് നിലവിൽ വരുന്നതിന് വഴിതെളിച്ച സാഹചര്യങ്ങൾ അവലോകനം ചെയ്യുക. 6

**അല്ലെങ്കിൽ**

(b) ഇന്ത്യയിൽ സംസ്ഥാന പുനസ്സംഘടനയുടെ വിവിധ ഘട്ടങ്ങൾ പരിശോധിക്കുക.

18. ദേശീയോദ്ഗ്രഥനം എന്നാലെന്ത് ? 2

19. മനുഷ്യാവകാശ സങ്കല്പത്തെ നിർവ്വചിക്കുക. ഈ സങ്കൽപ്പ വികസനത്തിന് സംഭാവന നൽകിയ രണ്ടു ദാർശനികരുടെ പേരെഴുതുക. 4

20. കുടിയേറ്റമെന്നാലെന്ത്? അന്തർസംസ്ഥാന കുടിയേറ്റം, തദ്ദേശീയ കുടിയേറ്റം, അന്താരാഷ്ട്ര കുടിയേറ്റം എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത് ? 4

21. മാനവ വികസന സൂചിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ രേഖപ്പെടുത്തുക. 2

22. ഡാമുകളുടെ നിർമ്മാണം കരഭാഗത്തെ ബയോമുകളെ സ്വാധീനിക്കുന്നു. ഈ പ്രസ്താവന സാധൂകരിക്കുക. 2

23. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഏതെല്ലാം ? 3

24 വാണിജ്യവാതങ്ങളും പശ്ചിമവാതങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ? 2

25. ചുവടെ ചേർത്തിരിക്കുന്ന ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(a) പാരദീപ്

(b) മാൾവാ പീഠഭൂമി

(c) രാജീവ് ഗാന്ധി അന്തർദ്ദേശീയ വിമാനത്താവളം സ്ഥിതിചെയ്യുന്ന സ്ഥലം

(d) നർമ്മദ നദി

-oOo-